2017 ഏപ്രിൽ 23



യോഹ. 20:19–29

# വചനസന്ദേശം

**റവ. ഫാ. ഷിനു ഉതുപ്പാൻ**

ജെറുസലെം നഗരത്തിലെ ഒരു കൊച്ചുമുറിയിൽ പാത്തും പതുങ്ങിയും കഴിഞ്ഞിരുന്ന ശിഷ്യർക്കുള്ള ഉത്ഥിതന്റെ ദർശനമാണ് സുവിശേഷത്തിലെ പ്രതിപാദ്യവിഷയം. പുതിയ വിശ്വാസാനുഭവത്തിലേക്കും പുതിയ ജീവിതത്തിലേക്കും ഉത്ഥിതൻ ശിഷ്യരെ കൈപിടിച്ചു നടത്തുകയാണ്. ഉത്ഥിതന്റെ മുറിപ്പാടുകൾ അവരുടെ ഹൃദയത്തിലെ മായാത്ത തിരുശേഷിപ്പുകളായി, മുറിവുകളെ തൊട്ട് അനശ്വരമാക്കാനുള്ള ക്ഷണം തോമസ് അപ്പസ്തോലനു മാത്രം അവകാശപ്പെട്ടതായി മാറി.

ഭയത്തിലും വിറയലിലുമായിരുന്നു ശിഷ്യന്മാർ. കതകടച്ച മുറിയിലായിരുന്നു അവരുടെ ജീവിതം. ഏത് സമയത്തും അവരുടെ ജീവിതങ്ങൾക്ക് വിലയിടപ്പെടാം. വാതിലിലെ ഓരോ തട്ടുംമുട്ടും അവരുടെ ഹൃദയമിടിപ്പുകൾ ഉയർത്തിക്കാണണം. ആകെയൊരു മ്ലാനതയും ദുഃഖവും. കളിചിരികളില്ല, തമാശകളില്ല. എല്ലാ സന്തോഷങ്ങളും പ്രതീക്ഷകളും അസ്തമിച്ചു. ജീവന്റെ സ്വരവും താളവും നിലച്ചു. ജീവിതം മരവിച്ചതുപോലെയായി. ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും എന്ന അവസ്ഥയിലാണ് ശിഷ്യരിപ്പോൾ. എസെക്കിയേലിന്റെ പുസ്തകത്തിൽ അസ്ഥികളുടെ താഴ്വരയെ ഇസ്രായേൽ ജനത്തോട് താരതമ്യപ്പെടുത്തി പറയുന്ന വാക്കുകൾ ഏറെക്കുറെ ശിഷ്യരുടെയും മാനസികാവസ്ഥ തന്നെയാണ്: “ഞങ്ങളുടെ അസ്ഥികൾ വരണ്ടിരിക്കുന്നു; പ്രതീക്ഷ നശിച്ചിരിക്കുന്നു. ഞങ്ങൾ തീർത്തും പരിത്യക്തരായിരിക്കുന്നു.” (എസെ 37:11). ശിഷ്യരുടെ വരണ്ട അസ്ഥികളെയാണ് പുതുജീവന്റെ ഞരമ്പുകളും മാംസവും ചർമവും കൊണ്ട് പൊതിയാൻ ഉത്ഥിതൻ കടന്നു വരുന്നത്. ക്രിസ്തു ശിഷ്യർക്ക് പകർന്നത് പുതുജീവനാണ്. തന്റെ തന്നെ ജീവനായ ശ്വാസംകൊണ്ടാണ് ജീവന്റെ പങ്കുവെയ്ക്കൽ നടന്നത്. ഉത്ഥിതൻ നിശ്വസിച്ചപ്പോൾ അതിലൂടെ നല്കപ്പെട്ടത് ജീവന്റെ തുടിപ്പുള്ള ആത്മാവിനെയാണ്. ദൈവത്തിന്റെ നിശ്വാസമാണ് മനുഷ്യന്റെ ജീവൻ. മണ്ണിൽ തീർത്ത രൂപത്തിലേക്ക് ജീവന്റെ ശ്വാസം ദൈവം നിശ്വസിച്ചപ്പോഴാണ് ആദിമനുഷ്യൻ പിറവിക്കൊണ്ടത് (ഉല്പ. 2:7). താഴ്വരയിൽ അസ്ഥികൾ മനുഷ്യരായി രൂപാന്തരപ്പെട്ടത് ജീവശ്വാസം പ്രാപിച്ചപ്പോഴാണ് (എസെ. 37:9–10). ദൈവത്തിന്റെ ജീവശ്വാസം സ്വീകരിക്കുമ്പോൾ അവിടുത്തെ ആത്മാവിനെയാണ് സ്വീകരിക്കുക. ആത്മാവ് ലഭിക്കുമ്പോൾ ജീവിതം പുതിയതായി മാറും.

ഉത്ഥിതന്റെ ദർശനം ശിഷ്യർക്ക് ഉയിർത്തെഴുന്നേല്പിന്റെ അനുഭവമായിരുന്നു. യേശുവന്റെ കാൽവരിയിലെ മരണം ശിഷ്യർക്ക് മാനസികമരണമായിരുന്നു. അവൻ കല്ലറയിൽ ഉയിർത്തപ്പോൾ അവർ ആത്മാവിൽ ഉത്ഥിതരായി, ദൈവത്തിന്റെ ശക്തിയും, കൃപയും അഭിഷേകവും അവരിലേക്കൊഴുകി. പുതിയ ഉന്മേഷവും ചൈതന്യവും കൊണ്ട് അവർ നിറഞ്ഞു. അവരുടെ കണ്ണുകളെ വിശ്വസിക്കാനാവാത്ത വിധം പുതിയ അനുഭവങ്ങളിലേക്ക് നയിക്കപ്പെട്ടു. വിശ്വാസത്തിന്റെ പുതിയ മേഖലകളും മാനങ്ങളും തിരിച്ചറിയപ്പെട്ടു. പുതുഞായർ പുതിയ ജീവൻ ലഭിച്ച ഞായറാഴ്ചയായി മാറി. പുതിയ കാഴ്ചപ്പാടിന്റെ നിമിഷങ്ങളായി. പുതിയ ചൈതന്യത്തിന്റെ ഉത്സവമായി. ശിഷ്യർക്ക് അത് ജീവിതത്തിന്റെ മറ്റൊരു തുടക്കമായി; ഒരു രണ്ടാം ജന്മംപോലെ. ആ ഇടുങ്ങിയ മുറിയിൽ “ചെറിയ പന്തക്കുസ്തായുടെ ” അവകാശികളായി അവർ രൂപന്താരപ്പെട്ടു.

മരണസമാനമായ ജീവിതങ്ങളും ജീവിത സാഹചര്യങ്ങളും ഭൂമിയിലുണ്ട്. അസ്ഥികൾപോലും വരളുന്നതായി തോന്നുന്ന അനുഭവങ്ങളുണ്ട്. ജീവനില്ലാത്ത അവസ്ഥകളിലേക്ക് കടന്നുവരാൻ ഉത്ഥിതന് ഒന്നും തടസ്സമല്ല. അവന്റെ ഒരിറ്റ് ശ്വാസം മതി നമ്മുടെ ജീവൻ നേരേയാകാൻ ജീവിതം തിരിച്ചുപിടിക്കാൻ, ‘സീസറിന്റെ ശ്വാസം’ എന്നൊരു പ്രയോഗമുണ്ട്. ശാസ്ത്രഭാഷയിൽ 2000 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന സീസറിന്റെ ശ്വാസത്തിന്റെ തന്മാത്ര കണികകൾ അന്തരീക്ഷത്തിലുണ്ടെന്നും നാം അതിൽ പങ്കുചേരുന്നുണ്ടെന്നുമാണ് അതിന്റെ അർത്ഥം. ഉത്ഥിതന്റെ നിത്യമായ ശ്വാസവും ചൈതന്യവുമാണ് പ്രപഞ്ചം മുഴുവൻ. അതിൽ ബോധപൂർവ്വം പങ്കുപറ്റുമ്പോൾ നമ്മുടെ ജീവിതങ്ങളും ദൈവിക ചൈതന്യമുള്ളതായി മാറും. പരിശുദ്ധാത്മാവിനെ കൊണ്ട് നിറയും. ജീവിതത്തിൽ വലിയ മാറ്റങ്ങൾ നടക്കും. വിശ്വാസതീക്ഷ്ണതയാൽ നാം ജ്വലി

ക്കുന്നവരാകും.

ഉത്ഥിതന്റെ ദർശനം മറ്റ് ശിഷ്യന്മാർ പറഞ്ഞതുകൊണ്ട് മാത്രം ഉൾ ക്കൊള്ളാവുന്ന ഒരു മാനസികാവസ്ഥയോ പ്രകൃതവുമല്ല തോമസിന്റേത്. കൂട്ടത്തിൽ തന്റേടമുള്ള ശിഷ്യനായിരുന്നു അവൻ. ഒരുപക്ഷേ, പുറമെയുള്ള സംഘർഷാവസ്ഥ ബോധ്യപ്പെടാനും, ഉയിർപ്പിനെ തെറ്റിദ്ധരിച്ച് മോഷ്ടിക്കപ്പെട്ടതെന്ന് തോമസ് മനസ്സിലാക്കിയ യേശുവിന്റെ മൃതശരീരം അന്വേഷിക്കാനും, കൂട്ടത്തിൽ കൂട്ടുകാർക്ക് എന്തെങ്കിലും ഭക്ഷിക്കാനുള്ള വക തരപ്പെടുത്താനും വേണ്ടിയാവാം തോമസ് പുറത്തേക്കിറങ്ങിയത്. താൻ പുറത്തായിരുന്നപ്പോൾ തന്നെ യേശുവിന് പ്രത്യക്ഷപ്പെടണമായിരുന്നോ എന്നതാണ് തോമസിന്റെ പിടിവാശിയിൽ നിന്ന് വായിച്ചെടുക്കേണ്ടത്. തോമസിന്റെ സ്ഥാനത്തു വേറെ ഏതൊരു ശിഷ്യനായിരുന്നെങ്കിലും ഇത്തരമൊരു ആവ ശ്യം പരസ്യമായോ ചുരുങ്ങിയ പക്ഷം രഹസ്യമായിട്ടെങ്കിലും ഉന്നയിച്ചിരിക്കാം. തോമസ് ഉള്ളത് തറപ്പിച്ച് പറഞ്ഞുവെന്ന് മാത്രം. വിശ്വസിക്കുക എന്നത് അന്നെന്നതുപോലെ ഇന്നും പറയുന്നത്ര എളുപ്പമുള്ള ഒന്നല്ല. പ്രശ്നം പിടിച്ച ഒരു വിഷയമാണത്.

എപ്പോഴും വ്യക്തതയും കൃത്യതയുമുള്ള ഇടമല്ല വിശ്വാസം, ഒരു നേർരേഖ പോലെ വിശ്വാസത്തെ കാണാനാവില്ല. താഴ്ന്നും ഉയർന്നുമാണ് അതിന്റെ സഞ്ചാരം. ഇരുളും വെളിച്ചവും നിറഞ്ഞതാണ് അതിന്റെ വഴികൾ. ദൈവം തെളിഞ്ഞ് നിൽക്കുന്നതും മറഞ്ഞു നിൽക്കുന്നതും, ഒരേ വിശ്വാസിയുടെ വിരുദ്ധ ജീവിതാനുഭവങ്ങളാണ്. ദൈവം കൂടെ നടക്കുന്നതിന്റെ മഴവില്ലനുഭവം പങ്കുവച്ചു വിശുദ്ധ മദർ തെരേസ തന്നെയാണ് ദൈവം ഇല്ലാത്ത ഇരുണ്ട രാത്രികളെക്കുറിച്ചുള്ള കുറിപ്പുകൾ എഴുതിയത്. കാൽവരയിൽ "എന്റെ ദൈവമേ, എന്റെ ദൈവമേ, എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു" എന്ന പച്ചമനുഷ്യനായ പുത്രന്റെ നിലവിളിയിലും വിശ്വാസത്തിന്റെ കയറ്റിറക്കം കാണുന്നുണ്ട്. ഒരിക്കൽ പോലും ആത്മീയതയിൽ സംശയത്തിന്റെയും അവിശ്വാസത്തിന്റെയും നിമിഷങ്ങൾ നേരിടാത്ത മനുഷ്യർ ഭൂമിയിൽ ജീവിക്കേണ്ടവരല്ല!

ഒരു നിമിഷത്തെ അവിശ്വാസം സുവിശേഷത്തിലെ വിശ്വാസത്തിന്റെ ഏറ്റവും വലിയ കീഴടങ്ങലാക്കി മാറ്റിയതാണ് തോമാശ്ലീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന ഏറ്റു പറച്ചിൽ നാം കാണുന്നത്. "നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്ന് ഉത്ഥിതൻ പറയുമ്പോൾ കണ്ട് വിശ്വസിച്ച തോമസ് അപ്പസ്തോലന് വിശ്വാസത്തെക്കുറിച്ച് ചില വെളിപ്പെടുത്തലുകൾ വീണു കിട്ടുന്നതു പോലെ കാണാതെ വിശ്വാസിക്കാൻ വിളിക്കപ്പെട്ടവരായ നാം ചില വിശ്വാസപാഠങ്ങൾ മനസ്സിൽ സൂക്ഷിക്കണം. ഒന്നാമത്, വിശ്വാസത്തിൽ യുക്തിയുണ്ടെങ്കിലും വിശ്വാസത്തിന് എപ്പോഴും യുക്തിയുടെ ആവശ്യങ്ങളെ അംഗീകരിക്കാൻ സാധിക്കില്ല. മൂന്നാമത്, വിശ്വാസത്തിന്റെ ഭാഷയും യുക്തിയുടെ ഭാഷയും വ്യത്യസ്തങ്ങളാണ്. ഒന്നിനെ മറ്റൊന്നുകൊണ്ട് അളക്കരുത്. യുക്തിക്കൊണ്ട് വിശ്വാസത്തെ അടിച്ചമർത്തുകയും ചെയ്യരുത്. നാലാമത്, കുറേ ചോദ്യങ്ങളും കുറച്ച് ഉത്തരങ്ങളും ലഭിക്കുന്ന ഇടമാണ് വിശ്വാസം. എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങളില്ല. ചില ചോദ്യങ്ങൾ ജീവിതാന്ത്യം വരെ ചോദ്യങ്ങളായി തുടരും. എല്ലാത്തിനും ഉത്തരങ്ങളുണ്ടെങ്കിൽ പിന്നെ അതിനെ വിശ്വാസമെന്ന് വിളിക്കാനാവുമോ?